REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 25-10-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **മത്സ്യബന്ധന മേഖലാ ബോധവത്കരണ പരിപാടിയുടെ ഭാഗമായി കേരളത്തിലെ മത്സ്യത്തൊഴിലാളികളുമായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് സംവദിക്കും.**
- **ശബരിമല സ്വർണമോഷണത്തിലെ SIT അന്വേഷണത്തിൽ ഗവൺമെന്റ് പൂർണ തൃപ്തമാണെന്ന് മന്ത്രി V N വാസവൻ. വിഷയത്തിൽ BJP യുടെ രാപ്പകൽ സെക്രട്ടറിയേറ്റ് ഉപരോധം തുടരുന്നു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്ത് നാളെ ആകാശവാണിയിലും ദൂരദർശനിലും.**
- **സപ്ലൈക്കോയുടെ വിപണി ഇടപെടലിന് 50 കോടി രൂപ അധിക വിഹിതം അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരത്തിന്റെ മുന്നേറ്റം തുടരുന്നു.**

## വാർത്തകൾ വിശദമായി

മത്സ്യബന്ധന മേഖലാ ബോധവത്കരണ പരിപാടിയുടെ ഭാഗമായി കേരളത്തിലെ മത്സ്യത്തൊഴിലാളികളുമായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് സംവദിക്കും. രാവിലെ തൃശ്ശൂർ ജില്ലയിലെ ബോധവൽക്കരണ, ജനസമ്പർക്ക പരിപാടികളെ കേന്ദ്രസഹമന്ത്രി അഭിസംബോധന ചെയ്തു.

ഉച്ചകഴിഞ്ഞ് എറണാകുളം വൈപ്പിൻ ഞാറയ്ക്കൽ ശ്രീനാരായണ ഓഡിറ്റോറിയത്തിലെ പരിപാടിയിലും ജോർജ് കുര്യൻ പങ്കെടുക്കും.

✪✪✪

പ്രവാസികളെ ചേർത്ത് പിടിച്ച ഗവൺമെന്റാണ് കേരളത്തിലേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രവാസി ക്ഷേമ പെൻഷനായി 739 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇൻഷുറൻസ് പദ്ധതി പ്രവാസികൾക്ക് ഗുണം ചെയ്യുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മസ്കറ്റിൽ ഇന്ത്യൻ കമ്മ്യൂണിറ്റി ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗൾഫ് സന്ദർശനത്തിന്റെ ഭാഗമായാണ് മുഖ്യമന്ത്രി ഒമാനിലെത്തിയത്.

✪✪✪

കേരളം പുതിയ വിദ്യാഭ്യാസ നയത്തിന് കീഴടങ്ങരുതെന്ന് ആവശ്യപ്പെട്ട് AIYF ഉം AISF ഉം വൈകിട്ട് വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിലേക്ക് മാർച്ച് നടത്തും. വിദ്യാഭ്യാസ മേഖലയിലെ അനധികൃത ഇടപെടലുകൾ ചെറുക്കണമെന്നും സംഘടനകൾ ആവശ്യപ്പെട്ടു.

✪✪✪

CPI- CPIM കൂട്ടുകെട്ട് എന്നും ശക്തമാണെന്ന് മുതിർന്ന CPIM നേതാവ് AK ബാലൻ പറഞ്ഞു. രാഷ്ട്രീയ- ഭരണ തലങ്ങളിൽ പതിറ്റാണ്ടുകളുടെ ശക്തമായ ബന്ധമാണ് ഇരു പാർട്ടികളും പുലർത്തുന്നത്. ഇടതു പക്ഷ ജനാധിപത്യ മുന്നണിയിൽ ഒരു ഘടക കക്ഷിയും UDF ലേക്ക് പോകുമെന്ന് ആരും പ്രതീക്ഷ പുലർത്തേണ്ടെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വ്യക്തമാക്കി.

✪✪✪

ശബരിമല സ്വർണമോഷണത്തിലെ SIT അന്വേഷണത്തിൽ ഗവൺമെന്റ് പൂർണ തൃപ്തമാണെന്ന് മന്ത്രി V N വാസവൻ പറഞ്ഞു. ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടാൻ ഗവൺമെന്റിന് അധികാരമോ, അവകാശമോ ഇല്ല. എന്നാൽ അതേപ്പറ്റി അറിയാൻ എല്ലാവർക്കും അവകാശമുണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ശബരിമലയിലെ ചില ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടാവാം എന്നും മന്ത്രി പറഞ്ഞു.

✪✪✪

ശബരിമലയിൽ സ്വർണ്ണക്കൊള്ള വിഷയത്തിൽ BJP യുടെ രാപ്പകൽ സെക്രട്ടേറിയറ്റ് ഉപരോധം തുടരുന്നു. അല്പം മുമ്പ് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ഉപരോധ സമരം ഉദ്ഘാടനം ചെയ്തു. ശബരിമലയിലെ സ്വർണക്കവർച്ചയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് ദേവസ്വം മന്ത്രി രാജിവെക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

സ്വർണ്ണക്കൊള്ളയിൽ ദേവസ്വം മന്ത്രിക്ക് പങ്കുണ്ടെന്ന് പ്രത്യേക അന്വേഷണ സംഘത്തിന് വിവരം കിട്ടിയിട്ടുണ്ടെന്നും, മറ്റേതെങ്കിലും മതവിഭാഗത്തിന്റെ ആരാധനാലയം ആയിരുന്നെങ്കിൽ ഇങ്ങനെ ഉണ്ടാവില്ലായിരുന്നുവെന്നും

അദ്ദേഹം പറഞ്ഞു. വിഷയത്തിൽ കോൺഗ്രസും മൗനം പാലിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ദേവസ്വം ബോർഡ് പിരിച്ചുവിടണമെന്നും രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു. അക്രമം നേരിടുന്നത് ഏതു മതസ്ഥരായാലും അവർക്കൊപ്പം BJP ഉണ്ടാവുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ പൊതു- സ്വകാര്യ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്താൻ ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റം അടുത്ത ബുധനാഴ്ച മന്ത്രി MB രാജേഷ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പൊതുജനസമ്പർക്കം കൂടുതലായി ഉണ്ടാവുന്ന സ്ഥലങ്ങളാണ് റേറ്റിംഗിന് വിധേയമാക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

വിനോദസഞ്ചാര കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളജുകൾ വരെ ആരോഗ്യസ്ഥാപനങ്ങൾ, പ്രീ പ്രൈമറി മുതൽ കോളജുകൾ വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, അങ്കണവാടികൾ, KSRTC യുടേതുൾപ്പെടെ ബസ് ഡിപ്പോകൾ, ടൗണുകൾ എന്നിവിടങ്ങൾ ഇതിലുൾപ്പെടുന്നു.

രണ്ടാം ഘട്ടത്തിൽ ഹോട്ടലുകളും ആശുപത്രികളും ബേക്കറികളും, ഷോപ്പിംഗ് മാളുകളും, ഓഡിറ്റോറിയങ്ങളും, ഫ്ലാറ്റ്/ അപ്പാർട്ട്മെന്റ് , കൺവൻഷൻ സെന്റർ എന്നിവയിലും റേറ്റിംഗ് ഏർപ്പെടുത്തും. മലിനജലം, കക്കൂസ് മാലിന്യം, ഖരമാലിന്യം എന്നിവയുടെ സംസ്ക്കരണം, ശുചിമുറികൾ, ഹരിത പ്രോട്ടോക്കോൾ ബോധവത്ക്കരണം എന്നിവയും റേറ്റിംഗിന് പരിഗണിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിലൂടെ നാളെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടിയുടെ 127 -ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലൂടെയും ദൂരദർശനിലൂടെയും മൻ കി ബാത്ത് കേൾക്കാം.

✪✪✪

സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേന്റെ വിപണി ഇടപെടലിന് 50 കോടി രൂപ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ക്രിസ്മസ്, പുതുവത്സരാഘോഷ കാലത്തെ അവശ്യ - നിത്യോപയോഗ സാധനങ്ങളുടെ

വിലക്കയറ്റം ഒഴിവാക്കുന്ന പ്രവർത്തനങ്ങളെ സഹായിക്കാനാണ് തുക ലഭ്യമാക്കുന്നത്.

ഈവർഷം ബജറ്റിൽ സപ്ലൈകോയ്ക്ക് വിപണി ഇടപെടലിനായി 250 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. ഓണക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി ഈ തുക മുഴുവൻ അനുവദിച്ചിരുന്നു. ഇപ്പോൾ അധിക വിഹിതമായാണ് 50 കോടി രൂപ കൂടി അനുവദിച്ചത്.

✪✪✪

നാലര വർഷത്തെ സംസ്ഥാന ഗവൺമെന്റിന്റെ ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായാണ് അതിദാരിദ്ര്യ മുക്ത തൃശ്ശൂരിനെ യാഥാർത്ഥ്യമാക്കിയതെന്ന് മന്ത്രി K രാജൻ പറഞ്ഞു. തൃശ്ശൂർ ജില്ലയിലെ അതിദാരിദ്ര്യമുക്ത പ്രഖ്യാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

രാജ്യത്തെ അതിദരിദ്രരില്ലാത്ത ആദ്യത്തെ സംസ്ഥാനമാവുകയാണ് കേരളമെന്നും രാജ്യത്ത് ആദ്യമായി ഒരു നിയമസഭയുടെ സമ്പൂർണ്ണ യോഗം ചേർന്ന് അതിദാരിദ്ര്യമുക്ത പ്രഖ്യാപനം നടത്തുന്നതും കേരളമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

സമ്പൂർണ്ണ സാമ്പത്തിക സാക്ഷരത കൈവരിക്കുന്ന സംസ്ഥാനത്തെ ആദ്യ നഗരസഭയായി മാറുകയാണ് കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം. പ്രജ്യോതി പദ്ധതിയിലൂടെയാണ് നഗരസഭ ഈ നേട്ടം കൈവരിച്ചത്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....(വോയ്സ്)......

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 1,935 പോയിന്റാണ് തിരുവനന്തപുരം ഇതുവരെ നേടിയത്. 227 സ്വർണ്ണവും, 150 വെള്ളിയും, 164 വെങ്കലവും അവർ സ്വന്തമാക്കി.

848 പോയിന്റുമായി തൃശൂർ രണ്ടാമതും, 824 പോയിന്റുമായി മലപ്പുറം മൂന്നാം സ്ഥാനത്തുമാണ്. 761 പോയിന്റുമായി പാലക്കാട് നാലാം സ്ഥാനത്തുണ്ട്.

ഗെയിംസിലും നീന്തലിലും തിരുവനന്തപുരം തന്നെയാണ് മുന്നിൽ - 1,213 പോയിന്റ്. 744 പോയിന്റുമായി തൃശ്ശൂർ രണ്ടാം സ്ഥാനത്തുണ്ട്, 673 പോയിന്റുമായി കണ്ണൂരാണ് മൂന്നാം സ്ഥാനത്ത്.

അത്ലറ്റിക്സിൽ 247 പോയിന്റുമായി മലപ്പുറം മുന്നേറുന്നു. 213 പോയിന്റ് നേടിയ പാലക്കാടാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

സിഡ്നിയിൽ ഇന്ത്യ- ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഓസ്ട്രേലിയ 236 റൺസിന് പുറത്തായി. നേരത്തെ ടോസ് നേടിയ ഓസ്ട്രേലിയ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്കയെ നേരിടും. ഇൻഡോറിൽ ഉച്ചകഴിഞ്ഞ് മൂന്നിന് മത്സരം തുടങ്ങും.

✪✪✪

കൃഷിഭവനുകൾ സ്മാർട്ട് ആകുന്നതിനൊപ്പം കർഷകർക്ക് ലഭിക്കുന്ന സേവനങ്ങളും സ്മാർട്ട് ആകണമെന്ന് മന്ത്രി P പ്രസാദ് പറഞ്ഞു. തൃശൂർ വടക്കാഞ്ചേരിയിലെ സ്മാർട്ട് കൃഷി ഭവൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സ്മാർട്ട് കൃഷിഭവനിലൂടെ ബയോ ഫാർമസി, ഹെൽത്ത് ക്ലിനിക് ഉൾപെടെ അത്യാധുനിക സൗകര്യങ്ങൾ ലഭ്യമാകും.

✪✪✪

തൃശ്ശൂർ മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ ആഫ്രിക്കൻ പന്നിപ്പനി നിയന്ത്രണ പ്രവർത്തനങ്ങളിൽ സേവനമനുഷ്ഠിച്ച ദ്രുതകർമ്മ സേനാംഗങ്ങളെ മന്ത്രി J ചിഞ്ചുറാണി അനുമോദിച്ചു. ജന്തുജന്യ രോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ സെമിനാറും ചടങ്ങിൽ സംഘടിപ്പിച്ചു.

✪✪✪

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ പുതു ചരിത്രമെഴുതി കോട്ടയം മെഡിക്കൽ കോളേജ്. ഹൃദയവും, ശ്വാസകോശവും, വൃക്കയും മാറ്റിവെക്കുന്ന ഇന്ത്യയിലെ ആദ്യ ഗവൺമെന്റ് ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ് മാറി.

ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയത് പ്രശസ്ത കാർഡിയോ തൊറാസിക് വിദഗ്ധനും സൂപ്രണ്ടുമായ ഡോ. T.K ജയകുമാറും വൃക്ക മാറ്റിവയ്ക്കലിന് ഡോ. രാജീവനുമാണ് നേതൃത്വം നൽകിയത്. കോട്ടയം മെഡിക്കൽ കോളേജിൽ മസ്തിഷ്ക മരണം സംഭവിച്ച തിരുവനന്തപുരം സ്വദേശി AR അനീഷിന്റെ എട്ട് അവയവങ്ങൾ ദാനം ചെയ്താണ് കുടുംബം മാതൃകയായത്.

✪✪✪

മൊസാംബിക്കിലെ ബെയ്റ തുറമുഖത്ത് ബോട്ട് മുങ്ങി മരിച്ച കൊല്ലം തേവലക്കര സ്വദേശി ശ്രീരാഗ് രാധാകൃഷ്ണന്റെ മൃതദേഹം നാട്ടിലെത്തിച്ച് സംസ്കരിച്ചു. രാവിലെ എട്ടരയോടെ നടുവിലക്കരയിലെ വീട്ടിൽ പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ നിരവധിയാളുകൾ അന്തിമോപചാരം അർപ്പിച്ചു.

✪✪✪

ആറന്മുള സ്ട്രോങ്ങ് റൂമിൽ ജസ്റ്റിസ് KT ശങ്കരന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ പരിശോധന രാവിലെ ആരംഭിച്ചു. അഞ്ചംഗ സംഘമാണ് പരിശോധന നടത്തുന്നത്. റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കും.

✪✪✪

'ലോകം കൊതിക്കും കേരളം - വിഷൻ 2031' സംസ്ഥാനതല ടൂറിസം ശിൽപ്പശാലയ്ക്ക് ഇടുക്കി കുട്ടിക്കാനം മരിയൻ കോളേജിൽ തുടക്കമായി. മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗം T.M അബ്ദുറഹ്മാൻ കോഴിക്കോട്ട് നിര്യാതനായി. രോഗ ബാധിതനായി ചികിത്സയിലായിരുന്നു. ജില്ലാ സ്പോർട്സ് കൗൺസിൽ മുൻ എക്സിക്യൂട്ടിവ് അംഗം, കബഡി അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ്, സൈക്ലിങ് അസോസിയേഷൻ, സൈക്കിൾപോളോ അസോസിയേഷൻ, റഗ്ബി അസോസിയേഷൻ എന്നിവയുടെ സംസ്ഥാന വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഖബറടക്കം ഉച്ചയ്ക്ക് ശേഷം നടത്തും.

✪✪✪

കണ്ണൂർ മാലൂരിനടുത്ത് തോലമ്പ്രയിൽ പുലിയെ പിടികൂടുന്നതിന് വനംവകുപ്പ് കൂട് സ്ഥാപിച്ചു. കഴിഞ്ഞദിവസം താറ്റിയാട് ചട്ടിക്കരിയിൽ പാറടിയിൽ വളർത്തു നായയെ കൊന്നത് പുലിയാണെന്ന് വ്യക്തമായ സാഹചര്യത്തിൽ ആണ് ഇന്നലെ രാത്രി കൂട് സ്ഥാപിച്ചത്.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader:ശ്രീജി പൂവ്വത്തിങ്കൽ*
*NRTs: രജിന കെ ആസാദ്,*
*DEO : ഷീബ*